# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 7826 23-07-2012-ൽ മറുപടിയ്ക്ക്

## വിദ്യാർത്ഥികൾ റോഡ് മുറിച്ചു കടക്കുമ്പോഴുണ്ടാകുന്ന അപകടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ((ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ റോഡ് മുറിച്ചു കടക്കുമ്പോഴുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്നു പറയാമോ ; | (എ) സ്കൂളുകൾ, കോളേജുകൾ എന്നിവയുടെ മുന്നിലുള്ള റോഡുകളിൽ സീബ്രാ ക്രോസിംഗ് ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ട്രാഫിക് ഉദ്യോഗസ്ഥരെയും, ഹോം ഗാർഡുകളെയും വിദ്യാർത്ഥികളുടെ സുരക്ഷയ്ക്കായി നിയോഗിച്ചിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ഉണ്ടായ റോഡ് അപകടങ്ങളുടെ പേരിൽ ട്രാഫിക് നിയമങ്ങൾ തെറ്റിച്ച എത്ര ഡ്രൈവർമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; ചേർത്തലയിൽ ഇപ്രകാരം രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ ; | (ബി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ഉണ്ടായ റോഡ് അപകടങ്ങളുടെ പേരിൽ ട്രാഫിക് നിയമങ്ങൾ തെറ്റിച്ചതിനെ സംബന്ധിച്ച് ലഭ്യമായ വിവരമനുസരിച്ച് നിലവിൽ 61 ഡ്രൈവർമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. 08.10.2011 ന് ചേർത്തല പോലീസ് സ്റ്റേഷൻ |

അതിർത്തിയിൽ "ഹട്സ്" റസ്റ്റോറണ്ടിന് സമീപം നാഷണൽ ഹൈവേ 47-ൽ വച്ച് പത്തനംതിട്ട സി.ബി.സി.ഐ.ഡി യിൽ ഡി.വൈ.എസ്.പി ആയി ജോലി നോക്കി വരുന്ന ശ്രീ സുകുമാരൻ ഓടിച്ചുവന്ന ഡിപ്പാർട്ട്മെന്റ് വാഹനം കെ.എൽ.01.എ.എസ്. 8436-ാംനമ്പർ സുമോ ടി റോഡിൽ സൈക്കിൾ സവാരി ചെയ്തുപോയ ആഷിക് ജോർജ്ജ് ആന്റണി എന്ന കുട്ടിയെ ഇടിച്ച് പരിക്കേൽക്കാൽ ഇടയായ സംഭവത്തിന് 09.10.11 ൽ ചേർത്തല പോലീസ് സ്റ്റേഷൻ ക്രൈം നം. 1266/11, u/s 279,338 ഐ.പി.സി പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. പ്രതിക്കെതിരെ കുറ്റപത്രം തയ്യാറാക്കി 20.11.2011 ൽ ബഹുമാനപ്പെട്ട ചേർത്തല ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി ഒന്ന് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

**(സി)** വിദ്യാർത്ഥികളെയും കാൽനട യാത്രക്കാരെയും റോഡുകൾ മുറിച്ചു കടക്കാൻ സഹായിക്കുന്ന പോലീസ് ഉദ്യോഗസ്ഥരുടെ ജോലിഭാരം കുറയ്ക്കുന്നതിനും അവർ വെയിലും മഴയും കൊള്ളുന്ന സാഹചര്യം ഒഴിവാക്കുന്നതിനും രാത്രികാലങ്ങളിൽ ട്രാഫിക് ഡ്യൂട്ടി ചെയ്യുന്ന പോലീസുകാർക്ക് അപകടങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ; ഇതു സംബന്ധിച്ച് മോട്ടോർ വാഹന

**(സി)** പോലീസുദ്യോഗസ്ഥരുടെ ജോലി ഭാരം കുറയ്ക്കുന്നതിനായി ഷിഫ്റ്റ് അനുസരിച്ചാണ് ട്രാഫിക് ഡ്യൂട്ടികൾക്കായി നിയോഗിച്ചു വരുന്നത്. മഴയോ, വെയിലോ പരിഗണിക്കാതെ രാത്രി പകൽ ഭേദമില്ലാതെ ജനങ്ങളുടെ സുരക്ഷയെ മുൻനിർത്തിയാണ് ട്രാഫിക് ജോലികൾ പോലീസുദ്യോഗസ്ഥർ ചെയ്തു വരുന്നത്. എന്നിരുന്നാലും മഴ സമയങ്ങളിൽ റെയിൻ കോട്ടും, വെയിലിൽ നിന്നും രക്ഷനേടുന്നതിനുവേണ്ടി അത്യാവശ്യ

വകുപ്പിൽ നിന്ന് എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ ?

സ്ഥലങ്ങളിൽ ട്രാഫിക് കുടകളും നൽകാറുണ്ട്. രാത്രികാലങ്ങളിൽ ട്രാഫിക് ജോലി ചെയ്യുന്ന പോലീസുദ്യോഗസ്ഥരുടെ സുരക്ഷയ്ക്കായി സിഗ്നൽ ലൈറ്റ് ബാറ്റൻ, റിഫ്ളക്ടീവ് ജാക്കറ്റ് എന്നിവ നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് മോട്ടോർ വാഹന വകുപ്പിൽ നിന്നും പ്രത്യേക നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ